"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - സംസ്ഥാന തൊഴിലുറപ്പ് മിഷനിലും, ജില്ലാതല ഓഫീസുകളിലും അധികമായി തസ്തിക സൃഷ്ടിച്ചുകൊണ്ടും, നിലവിലുള്ള തസ്തികകൾ പുനഃനാമകരണം ചെയ്തുകൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(കൈ) നം.107/2019/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 22.08.2019.**

പരാമർശം: 1) സ.ഉ.(എം.എസ്) നം.53/2009/തസ്വഭവ തീയതി, 18.04.2009.
2) സ.ഉ.(എം.എസ്) നം.167/2009/തസ്വഭവ തീയതി, 26.08.2009
3) സ.ഉ.(എം.എസ്) നം.26/2010/തസ്വഭവ തീയതി, 08.02.2010.
4) സ.ഉ.(കൈ) നം.162/2018/തസ്വഭവ തീയതി, 08.11.2018
5) സംസ്ഥാന തൊഴിലുറപ്പ് മിഷൻ ഡയറക്ടറുടെ 28.09.2017-ലെ 9833/എൻ.ആർ.ഇ.ജി..സെൽ.1/09/സിആർഡി നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ 20-ാമത് യോഗത്തിലെ നിർദ്ദേശപ്രകാരം, സംസ്ഥാന തൊഴിലുറപ്പ് മിഷന്റെയും, ജില്ലാതല ഓഫീസുകളുടെയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി സാങ്കേതിക വിദഗ്ധർ അടക്കമുള്ളവരെ നിയമിക്കുന്നതിന് ആവശ്യമായ ശിപാർശ സമർപ്പിക്കുവാൻ മിഷൻ ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു.

പരാമർശം (1), (2), (3) ഉത്തരവുകൾ പ്രകാരം സൃഷ്ടിച്ച തസ്തികകൾ പുനഃനാമകരണം/ ഭേദഗതി ചെയ്ത് നിലനിർത്തുന്നതിനും പുതുതായി തസ്തികകൾ സൃഷ്ടിക്കുന്നതിനും പരാമർശം (5) പ്രകാരം മിഷൻ ഡയറക്ടർ വിശദമായ ശിപാർശ നൽകിയിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാന തൊഴിലുറപ്പ് മിഷന്റെയും, ജില്ലാതല ഓഫീസുകളുടെയും പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനായി ചുവടെ ചേർക്കും പ്രകാരം പുതുതായി മൂന്ന് തസ്തികകൾ സൃഷ്ടിക്കുന്നതിനും, നിലവിലുള്ള തസ്തികകൾ പുനഃനാമകരണം ചെയ്യുന്നതിന് അനുമതി നൽകിക്കൊണ്ടും ഉത്തരവാകുന്നു. കൂടാതെ പുനഃനാമകരണം/ഭേദഗതി ചെയ്യുന്നതിനായി മിഷൻ ഡയറക്ടർ നൽകിയ ശിപാർശയിലെ പ്രോഗ്രാം ഓഫീസർ (വർക്സ്) എന്ന തസ്തിക സ്റ്റേറ്റ് എം.ജി.എൻ.ആർ.ഇ.ജി.എ. എഞ്ചിനീയർ എന്ന് പുനഃനാമകരണം ചെയ്തുകൊണ്ടും, നിയമനരീതി കരാർ അഥവാ ഇറിഗേഷൻ/പൊതുമരാമത്ത് (റോഡ്സ്/ബിൽഡിംഗ്സ്)/ തദ്ദേശസ്വയംഭരണ (എഞ്ചിനീയറിംഗ് വിംഗ്) വകുപ്പുകളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ കുറയാത്ത റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ ഡെപ്യൂട്ടേഷൻ മുഖേനയുള്ള നിയമനം എന്ന് ഭേദഗതി ചെയ്തുകൊണ്ട് പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ച നടപടി സാധൂകരിച്ചുകൊണ്ടും ഉത്തരവാകുന്നു.

## പുതുതായി സൃഷ്ടിക്കുന്ന തസ്തികകൾ

| ക്രമ നം | പുതുതായി സൃഷ്ടിക്കുന്ന തസ്തികയുടെ പേര് | നിയമന രീതി | തസ്തികയുടെ പ്രതിഫലം |
|---|---|---|---|
| 1. | ടെക്നിക്കൽ എക്സ്പേർട്ട്, അഗ്രികൾച്ചർ (സംസ്ഥാനതലം - 1 തസ്തിക) | ഡെപ്യൂട്ടേഷൻ മുഖേന | **ഡെപ്യൂട്ടേഷൻ മുഖേന** – 42500 – 87000 എന്ന ശമ്പള സ്കെയിലിൽ അനുവദനീയമായ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും |
| 2. | അസിസ്റ്റന്റ് (സംസ്ഥാന മിഷൻ ഓഫീസിൽ 2 തസ്തികകൾ) | കരാർ നിയമനം | **പ്രതിമാസ ഓണറേറിയം** 18,500/- രൂപയും മറ്റ് അനുവദനീയമായ ആനുകൂല്യങ്ങളും |

## പുനഃനാമകരണം/ഭേദഗതി വരുത്തുന്ന തസ്തികകൾ

| ക്രമ നം | തസ്തികയുടെ പേര് | സൃഷ്ടിച്ചിട്ടുള്ള തസ്തികയ്ക്ക് നിശ്ചയിച്ചിരുന്ന പ്രതിഫലം | തസ്തിക അനുവദിച്ചുകൊണ്ടുള്ള ഗവ. ഉത്തരവ് | ഭേദഗതി വരുത്തിയതിനു ശേഷം തസ്തികയുടെ പേര് | ഭേദഗതി വരുത്തിയതിനു ശേഷം തസ്തികയുടെ പ്രതിഫലം |
|---|---|---|---|---|---|
| 1. | പ്രോഗ്രാം ഓഫീസർ (ഫിനാൻസ് മാനേജ്മെന്റ്) (സംസ്ഥാന തലം – 1 തസ്തിക) | **കരാർ മുഖേന** – പ്രതിമാസ ഓണറേറിയം രൂപ. 15,000/- **ഡെപ്യൂട്ടേഷൻ മുഖേന** – 12930 – 20250 | ജിഒ (എം.എസ്.) നം. 53/2009/ എൽ.എസ്.ജ്ി.ഡി, തീയതി – 18.04.2009 | ഫിനാൻസ് മാനേജർ കം അഡ്മിനിസ്ട്രേറ്റീവ് സൂപ്പർവൈസർ (സംസ്ഥാന തലം – 1 തസ്തിക) | **ഡെപ്യൂട്ടേഷൻ മുഖേന** – 36600 – 79200 എന്ന ശമ്പള സ്കെയിലിൽ അനുവദനീയമായ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും |
| 2. | ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ (എറണാകുളം, മലപ്പുറം ജില്ലകളിൽ) -2 തസ്തികകൾ | **ഡെപ്യൂട്ടേഷൻ മുഖേന** - 20700 – 26600 | ജിഒ (എം.എസ്.) നം. 26/2010/ എൽ.എസ്. ജി.ഡി, തീയതി- 8.02.2010 | ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്റർ (കണ്ണൂർ, മലപ്പുറം ജില്ലകളിൽ) – 2 തസ്തികകൾ | **ഡെപ്യൂട്ടേഷൻ മുഖേന** – 77400 – 115200 എന്ന ശമ്പള സ്കെയിലിൽ അനുവദനീയമായ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും |

| | | | | | |
|---|---|---|---|---|---|
| 3. | പ്രോഗ്രാം ഓഫീസർ (വർക്ക്സ്) (ജില്ലാതലം –14 തസ്തികകൾ) | പ്രതിമാസ ഓണറേറിയം രൂപ. 15,000/- | ജിഒ (എം.എസ്.) നം. 167/2009/ എൽ.എസ്. ജി.ഡി, തീയതി- 26.08.2009 | ഡിസ്ട്രിക്റ്റ് എം.ജി.എൻ.ആർ.ഇ. ജി.എ എഞ്ചിനീയർ (14 തസ്തികകൾ - ജില്ലയിൽ ഒന്ന് വീതം) | പ്രതിമാസ ഓണറേറിയം രൂപ. 42,305/-, സ.ഉ(സാധാ) 112/2018/ധന തീയതി 21.07.2018 പ്രകാരം |

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**റ്റി.കെ.ജോസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
മിഷൻ ഡയറക്ടർ, എം.ജി.എൻ.ആർ.ഇ.ജി.എസ്., തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം/തൃശ്ശൂർ
ധനകാര്യ വകുപ്പ്
തദ്ദേശസ്വയംഭരണ (ഡിഡി) വകുപ്പ്
പൊതുഭരണ (എസ്.സി) വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ